"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം- അച്ചൻകോവിൽ ഫോറസ്റ്റ് ഡിവിഷനിലെ കാനയാർ റേഞ്ചിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി ജോലി നോക്കി വരുന്ന ശ്രീ.ലിനേഷ്.കെ യ്ക്ക് പലിശരഹിത വായ്പ അനുവദിച്ച് നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.84/2023/F&WLD തീയതി,തിരുവനന്തപുരം, 28-02-2023.

---

പരാമർശം:-
1. ജി.ഒ.(പി) 45/1997/ആ.ക.വ തീയതി 18.02.1997.
2. ജി.ഒ.(പി) 285/2000/ആ.ക.വ തീയതി 02.11.2000.
3. ജി.ഒ.(പി) 298/2001/ആ.ക.വ തീയതി 20.11.2001.
4. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 09.01.2023, 17.02.2023 തീയതികളിലെ എച്ച്2/156/2023 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

വനം വകുപ്പിൽ അച്ചൻകോവിൽ ഫോറസ്റ്റ് ഡിവിഷനിലെ കാനയാർ റേഞ്ചിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി ജോലി നോക്കി വരുന്ന ശ്രീ.ലിനേഷ്.കെ യുടെ മാതാവിന്, തിരുവനന്തപുരം ശ്രീ.ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജിയിൽ അടിയന്തര ഹൃദയ ശസ്ത്രക്രിയയ്ക്കായി പലിശ രഹിത വായ്പ അനുവദിക്കുന്നതിനായി ടിയാൻ സമർപ്പിച്ച അപേക്ഷയും ബന്ധപ്പെട്ട ചികിത്സാരേഖകളും, ശിപാർശ സഹിതം പരാമർശം (4) പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ലഭ്യമാക്കുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അച്ചൻകോവിൽ ഫോറസ്റ്റ് ഡിവിഷനിലെ കാനയാർ റേഞ്ചിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി ജോലി നോക്കി വരുന്ന ശ്രീ.ലിനേഷ്.കെ. യുടെ (പെൻ- 807299, ജനന തീയതി- 04.02.1992) മാതാവിന്, ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജിയിൽ PACEMAKER IMPLANTATION ചികിത്സയ്ക്കായി 1,40,000/- രൂപ (ഒരു ലക്ഷത്തി നാല്പതിനായിരം രൂപ മാത്രം) പലിശരഹിത വായ്പയായി അനുവദിക്കുന്നതിന്, പരാമർശം (1), (2), (3) ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി, അനുമതി നൽകി ഉത്തരവാകുന്നു. ഇതുമായി ബന്ധപ്പെട്ട ചെലവ് "7610-00-800-95(02)" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

3. ഇപ്രകാരം അനുവദിച്ച 1,40,000/- രൂപയുടെ പലിശ രഹിത ചികിത്സാ വായ്പ, ശ്രീ.ലിനേഷ്.കെ സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതും ശേഷിക്കുന്ന തുകയുണ്ടെങ്കിൽ ആയത് അപേക്ഷകന് നൽകുന്നതുമാണ്. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തതാ സർട്ടിഫിക്കറ്റ് പ്രസ്തുത വായ്പ കൈപ്പറ്റുന്ന തീയതി മുതൽ 3

മാസത്തിനകം അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. ചികിൽസയ്ക്ക് ചെലവായ തുക കിഴിച്ച് ബാക്കി തുകയുണ്ടെങ്കിൽ ടി തുക ട്രഷറിയിൽ ഒടുക്കിയ ചെലാൻ അപേക്ഷകൻ ലഭ്യമാക്കേണ്ടതും, പലിശരഹിത ചികിത്സാ വായ്പ ധന വകുപ്പിന്റെ അനുമതിയോടെ 3 മാസത്തിനകം ക്രമപ്പെടുത്തേണ്ടതും അല്ലാത്ത പക്ഷം 12% നിരക്കിൽ പിഴപ്പലിശ വായ്പക്കാരനിൽ നിന്നും ഈടാക്കുന്നതുമാണ്. പ്രസ്തുത പലിശ രഹിത ചികിത്സാവായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി തിരിച്ച് പിടിക്കുന്നതാണ്. കൂടാതെ, വായ്പക്കാരനെതിരെ അച്ചടക്ക നടപടിയും സ്വീകരിക്കുന്നതാണ്. പ്രസ്തുത വായ്പ വിതരണം ചെയ്യുന്നതിന് മുൻപായി വായ്പ തുക, വായ്പ അനുവദിച്ച ഉത്തരവിന്റെ നമ്പറും തീയതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ വായ്പക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. വായ്പ കൈപ്പറ്റാതിരിക്കുകയോ, റദ്ദ് ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം സർക്കാരിനെ കൃത്യമായും അറിയിക്കേണ്ടതാണ്. കൂടാതെ, മേപ്പടി പലിശ രഹിത ചികിൽസാ വായ്പ ക്രമീകരിക്കുന്നതിനായി പലിശ രഹിത ചികിൽസാ വായ്പയ്ക്ക് അപേക്ഷ സമർപ്പിച്ച തീയതി മുതലുള്ള ചികിൽസയുടെ ബില്ലുകൾ മാത്രമേ സമർപ്പിക്കുവാൻ പാടുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം. (അപേക്ഷ സഹിതം).

ശ്രീ. ലിനേഷ്.കെ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ.(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്. (31.01.2023 ലെ ജി2/7/2023/ആ.ക.വ പ്രകാരം).

ധനകാര്യ വകുപ്പ്. (08.02.2023 ലെ 2345626/ലോൺസ്-എൽ3/21/2023-ധന പ്രകാരം).

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad S
സെക്ഷൻ ഓഫീസർ
Date: 28-02-2023 11:46:00